# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2056 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## പൊതുമരാമത്ത് പണികൾക്ക് ജി.എസ്.ടി ബാധകമാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി പ്രാബല്യത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് പണികൾക്കും ജി.എസ്.ടി. നടപ്പിലായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി നിയമപ്രകാരം പ്രവർത്തികൾക്കുള്ള നികുതി നിരക്ക് 18% ആണ്. ഇത് സ്ഥാവര വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കുള്ള നികുതിയാണ്. അല്ലാതെയുള്ള ഇലക്ട്രിക്കൽ എയർ കണ്ടീഷനിംഗ് സമാനരീതിയിലുള്ള പ്രവർത്തികൾക്ക് അത് കോമ്പോസിറ്റ് സപ്ലൈ ആയതിനാൽ 28% ആണ് നികുതി നിരക്ക്. വാറ്റ് നിയമത്തിലുണ്ടായിരുന്നതു പോലെയുള്ള TDS സമ്പ്രദായം (മൊത്തം നികുതി അവാർഡർ TDS ആയി കുറച്ച് സർക്കാരിന് നൽകുന്ന രീതി) ജി.എസ്.ടിയിൽ ഇല്ല. ഒരു പ്രവർത്തിയുടെ ആകെ തുക 2.5 ലക്ഷത്തിനുമുകളിലാണെങ്കിൽ അവാർഡർ 2% നികുതി ( 1% CGST & 1% SGST) എന്ന നിലയിൽ TDS പിടിച്ച് റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. അത് കരാറുകാരന് GST നികുതി അടയ്ക്കുമ്പോൾ ഇൻപുട്ട് ആയി എടുക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പൊതുമരാമത്ത് പണികൾക്ക് മുൻകാലപ്രാബല്യത്തോടെയാണോ ജി.എസ്.ടി. നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | 30/06/2017 വരെ പൂർത്തിയാക്കിയ കരാർ പണികൾക്ക് പേയ്മെന്റ് എന്നു ലഭിച്ചാലും വാറ്റ് നികുതിയാണ് ബാധകം. |
| (സി) | എഗ്രിമെന്റ് വച്ച് നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കും പൂർത്തിയായ പ്രവൃത്തികൾക്കും ജി.എസ്.ടി ബാധകമാണോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**